3. തിരുവല്ല സബ് ഡിവിഷൻ

- തിരുവല്ല പോലീസ് സ്റ്റേഷൻ
- പുളിക്കീഴ് പോലീസ് സ്റ്റേഷൻ
- കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ
- റാന്നി പോലീസ് സ്റ്റേഷൻ
- പെരുമ്പട്ടി പോലീസ് സ്റ്റേഷൻ
- വെച്ചൂച്ചിറ പോലീസ് സ്റ്റേഷൻ
- പെരുനാട് പോലീസ് സ്റ്റേഷൻ

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാന്നി കേന്ദ്രമായി ഒരു പോലീസ് സബ് ഡിവിഷൻ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ പോലീസ് കൺട്രോൾ റൂം - സ്റ്റാഫ് പാറ്റേൺ

180 (6329) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സിറ്റിയിൽ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത് എന്നാണ് ; സിറ്റി പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നതിലേക്ക് തീരുമാനിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത ഓഫീസിൽ എത്ര അനുവദനീയ തസ്തികകൾ ഉണ്ടെന്നും, ആയതിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ സിറ്റി പോലീസ് കൺട്രോൾ റൂമിൽ ഉള്ളതു പോലെ കൂടുതൽ തസ്തികകൾ അനുവദിച്ച് ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കുവാൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) 18-1-2008 -ലാണ് കൊല്ലം സിറ്റിയിലെ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത്. ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു :

എസ്.ഐ.	- 6
എ.എസ്.ഐ.	- 1
എസ്.സി.പി.ഒ.	- 23
സി.പി.ഒ.	- 15

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരം (എ) യിൽപ്പറയുന്ന തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ പ്രസ്തുത കൺട്രോൾ റൂമിൽ 3 ഷിഫ്റ്റുകളിലായി പ്രവർത്തിക്കാൻ ടി സ്റ്റാഫ് പാറ്റേൺ ഉപയോഗിച്ച് സാദ്ധ്യമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അധിക ഉദ്യോഗസ്ഥരെ എ.ആർ. ക്യാമ്പിൽനിന്നും അടുത്ത പോലീസ് സ്റ്റേഷനിൽനിന്നും അറ്റാച്ച് ചെയ്ത് ഡ്യൂട്ടി നോക്കിവരികയാണ്. എസ്.ഐ.-1, എസ്.സി.പി.ഒ.- 10, സി.പി.ഒ.- 14, വനിതാ സി.പി.ഒ.- 1. എന്നാൽ എ.എസ്.ഐ.യുടെ ഒരു ഒഴിവ് നിലവിലുണ്ട്.

(സി) ശ്രദ്ധിക്കുന്നതാണ്.

കൊടുവള്ളി - പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം

181 (6330) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം നരിക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

നഗരൂരിൽ പോലീസ് സ്റ്റേഷൻ

182 (6331) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂരിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയതായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം നഗരൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം മുൻഗണനാക്രമത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly